**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2846** **06.11.2019-ലെ മറുപടി**

## എടവണ്ണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | ഏറനാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പ് മുഖേന ചെയ്യുന്നതിന് ഭരണാനുമതി നല്കിയ എടവണ്ണ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ; | എ) | എടവണ്ണ കുടിവെള്ള പദ്ധതി രണ്ട് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് ഒന്നിൽ ഉത്പാദക ഘടകങ്ങളായ 9 എം.എൽ.ഡി ജലശുദ്ധീകരണ ശാല, 4 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ , ക്ലിയർ വാട്ടർ പമ്പ് ഹൗസ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് രണ്ടിൽ വിതരണ ശൃംഖലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള ഏതെല്ലാം പ്രവൃത്തികൾക്ക് ഉള്ളതാണ് പൂർത്തിയാക്കിയിട്ടുള്ളത് വിശദാംശം ലഭ്യമാക്കുമോ; | ബി) | 15.74 കോടി രൂപയുള്ള പാക്കേജ്-1 ടെണ്ടർ ചെയ്തു. ആയതിന്റെ അംഗീകാരത്തിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ടെണ്ടറിൽ ഉത്പാദക ഘടകങ്ങളായ 9 എം.എൽ.ഡി ജലശുദ്ധീകരണശാല, 4 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ , ക്ലിയർ വാട്ടർ പമ്പ് ഹൗസ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബി അനുവദിച്ചിട്ടുള്ളത് എത്ര തുകയാണ്; അവയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ ഉള്ളതെന്ന് അറിയിക്കുമോ; | സി) | 53.40 കോടി രൂപയുടെ തത്വത്തിൽ അംഗീകാരവും കിഫ്ബിയിൽ നിന്നും 47.2 കോടി രൂപയുടെ ധനസഹായത്തിന് അനുമതിയും ലഭിച്ച ഏറനാട് മണ്ഡലത്തിലെ കിഫ്ബി 2017-18 - ൽ ഉൾപ്പെടുത്തിയ എടവണ്ണ കുടിവെള്ള പദ്ധതിയുടെ പാക്കേജ് – 1 ടെണ്ടർ ചെയ്തു. പാക്കേജ്-2-ന് സാങ്കേതികാനുമതി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി ടെണ്ടർ ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| ഡി) | ആയത് പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | ഡി) | 2021 മെയ് മാസത്തോട്ടു കൂടി പദ്ധതി പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| ഇ) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ ? | ഇ) | പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ നടപടിക്രമങ്ങളിൽ തടസ്സങ്ങൾ ഒന്നും തന്നെ നേരിട്ടിട്ടില്ല. എന്നാൽ പാക്കേജ്-1 ന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് ചില സാങ്കേതിക കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തേണ്ടി വന്നതിനാൽ നേരിയ കാലതാമസം നേരിട്ടിരുന്നുവെങ്കിലും ആയതു പരിഹരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ